കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രാണഹരമായ അപകടങ്ങൾ ആക്റ്റ്, 1855

(1855-ലെ 13-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില : [illegible] 0-30

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രാണഹരമായ അപകടങ്ങൾ ആക്റ്റ്, 1855

## (1855-ലെ 13-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

-30

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രാണഹരമായ അപകടങ്ങൾ ആക്റ്റ്, 1855

(1855-ലെ 13-ാം നമ്പർ ആക്റ്റ്)

## വ്യവഹാരപ്പെടാവുന്ന അപകൃത്യത്താൽ ഉണ്ടായിട്ടുള്ള ഒരാളുടെ മരണത്താൽ നേരിടുന്ന നഷ്ടത്തിന് കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നല്കാനുള്ള ആക്റ്റ്

[1855 മാർച്ച്, 27]

ആമുഖം— തന്റെ അന്യായമായ കൃത്യത്താലോ ഉപേക്ഷയാലോ വീഴ്ചയാലോ മറ്റൊരാളുടെ മരണം സംഭവിപ്പിച്ചിരിക്കാവുന്ന ഒരാൾക്കെതിരായിയാതൊരു വ്യവഹാരനടപടിയും അല്ലെങ്കിൽ വ്യവഹാരവും ഏതെങ്കിലും കോടതിയിൽ ഇപ്പോൾ നിലനില്ക്കുന്നതല്ലാത്തതിനാലും, അങ്ങനെയുള്ള സംഗതിയിൽ അപകർത്താവ്, താൻ അപ്രകാരം ഉളവാക്കിയ ക്ഷതിക്ക് നഷ്ടം കൊടുക്കാൻ ഉത്തരവാദിയായിരിക്കേണ്ടത് പലപ്പോഴും ഉചിതവും സമീചീനവും ആയിരിക്കയാലും, താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.—

1. ചുരുക്കപ്പേരും വ്യാപ്തിയും.— (i) ഈ ആക്റ്റിന് പ്രാണഹരമായ അപകടങ്ങൾ ആക്റ്റ്, 1855 എന്ന് പേർ പറയാവുന്നതാണ്.

(ii) ഇത് ജമ്മു—കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാകുന്നു.

1ക. വ്യവഹാരപ്പെടാവുന്ന അപകൃത്യത്താലുള്ള ഒരാളുടെ മരണത്താൽ അയാളുടെ കുടുംബത്തിന് നേരിടുന്ന നഷ്ടത്തിന് കുടുംബത്തിന് നഷ്ടപരിഹാരത്തിനുള്ള വ്യവഹാരം — ഒരാളുടെ മരണം അന്യായമായ കൃത്യത്താലോ ഉപേക്ഷയാലോ വീഴ്ചയാലോ സംഭവിപ്പിക്കപ്പെട്ടതായിരിക്കുകയും ആ കൃത്യമോ ഉപേക്ഷയോ വീഴ്ചയോ (മരണംസംഭവിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ) ക്ഷതിപറ്റിയ കക്ഷിയെ നിലനില്ക്കുന്ന വ്യവഹാരനടപടി ബോധിപ്പിക്കാനും അതുസംബന്ധിച്ച നഷ്ടം വസൂലാക്കാനും അവകാശപ്പെടുത്തുമായിരുന്നവിധം ഉള്ളതായിരിക്കുകയും ചെയ്യുമ്പോഴെല്ലാം, മരണം സംഭവിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ ബാദ്ധ്യസ്ഥനാകുമായിരുന്ന കക്ഷി നഷ്ടത്തിനുള്ള വ്യവഹാര നടപടിക്കോ വ്യവഹാരത്തിനോ ക്ഷതി പറ്റിയ ആൾ മരിച്ചു എന്നിരിക്കിലും, അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ മരണം സംഭവിച്ചതു നിയമപ്രകാരം ഗുരുതരമായ കുറ്റമോ മറ്റുകുറ്റമോ ആകുന്ന പരിതഃസ്ഥിതികളിലായിരുന്നു എന്നിരിക്കിലും, വിധേയനായിരിക്കുന്നതാണ്.

അങ്ങനെയുള്ള ഏതൊരു വ്യവഹാര നടപടിയും, അല്ലെങ്കിൽ വ്യവഹാരവും അപ്രകാരം മരണം സംഭവിപ്പിക്കപ്പെട്ട ആളുടെ ഭാര്യയുടേയും, ഭർത്താവിന്റേയും മാതാപിതാക്കളുടേയും, കുട്ടിയുടേയും, വല്ലവരുമുണ്ടെങ്കിൽ, ഗുണത്തിനായിരിക്കേണ്ടതും, മരിച്ചുപോയ ആളുടെ എക്സിക്യൂട്ടറോ, അഡ്മിനിസ്ട്രേട്ടറോ പ്രതിനിധിയോ അല്ലെങ്കിൽ അവരുടെപേരിലോ കൊണ്ടുവരേണ്ടതും

അങ്ങനെയുള്ള ഏതൊരു വ്യവഹാരനടപടിയിലും, കോടതിക്ക്, ഏതു കക്ഷികൾക്കുവേണ്ടിയും അവരുടെ ഗുണത്തിനായുമാണോ അങ്ങനെയുള്ള വ്യവഹാരനടപടി കൊണ്ടുവരുന്നത്, ആ കക്ഷികൾക്കു യഥാക്രമം അങ്ങനെയുള്ള മരണത്തിന്റെ ഫലമായി ഉണ്ടായ നഷ്ടത്തിന് ആനുപാതികമാണെന്നു തോന്നുന്ന നഷ്ടപരിഹാരം നല്കാവുന്നതും, അപ്രകാരം വസൂലാക്കപ്പെട്ട തുക പ്രതിയിൽ നിന്ന് വസൂലാക്കപ്പെട്ടിട്ടില്ലാത്ത കോടതിച്ചെലവു ഉൾപ്പെടെയുള്ള എല്ലാ കോടതിച്ചെലവും, ചെലവുകളും കിഴിച്ചതിനുശേഷം മുൻപ് പറഞ്ഞ കക്ഷികൾക്കിടയിലോ അവരിൽ ആർക്കെങ്കിലുമിടയിലോ കോടതി അതിന്റെ വിധിന്യായത്തിലോ വിധിയിലോ നിദേശിക്കുന്ന ഓഹരികളായി വീതിക്കേണ്ടതും,

ആകുന്നു

2. <u>ഒന്നിലധികം വ്യവഹാരം കൊണ്ടുവരാൻ പാടില്ലെന്ന്</u>.— എന്നാൽ ഒരിക്കലും ഒരേ പരാതി വിഷയം സംബന്ധിച്ച് ഒന്നിലധികം വ്യവഹാരനടപടിയോ വ്യവഹാരമോ കൊണ്ടുവരാൻ പാടുള്ളതല്ല:

<u>എസ്റ്റേറ്റിനുള്ള നഷ്ടത്തിന്റെ അവകാശവാദം കൂട്ടിച്ചേർക്കാമെന്ന്</u> — എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാര നടപടിയിലോ വ്യവഹാരത്തിലോ മരിച്ചുപോയ ആളുടെ എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേറ്റർക്കോ പ്രതിനിധിക്കോ, അങ്ങനെയുള്ള അന്യായമായ കൃത്യത്താലോ ഉപേക്ഷയാലോ വീഴ്ചയാലോ മരിച്ചുപോയ ആളുടെ എസ്റ്റേറ്റിന് നേരിട്ടിട്ടുള്ള ഏതെങ്കിലും ആർത്ഥികമായ നഷ്ടത്തിനുള്ള അവകാശവാദം കൂട്ടിച്ചേർക്കുകയും അതു വസൂലാക്കുകയും ചെയ്യാവുന്നതും, ആ തുക വസൂലാക്കപ്പെടുമ്പോൾ മരിച്ചുപോയ ആളുടെ എസ്റ്റേറ്റിന്റെ ആസ്തികളുടെ ഭാഗമായി കരുതപ്പെടുന്നതും ആകുന്നു.

3. <u>വാദി വിവരങ്ങൾ മുതലായവ നല്കണമെന്ന്</u>.— അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരനടപടിയിലേയോ വ്യവഹാരത്തിലേയോ അന്യായം, ആർക്കായിട്ടാണോ അല്ലെങ്കിൽ ആർക്കു വേണ്ടിയാണോ അങ്ങനെയുള്ള വ്യവഹാരനടപടിയോ അല്ലെങ്കിൽ വ്യവഹാരമോ കൊണ്ടുവരുന്നത്, ആ ആളുടേയും അല്ലെങ്കിൽ ആളുകളുടേയും, ഏതു അവകാശവാദം സംബന്ധിച്ചാണോ നഷ്ടം വസൂലാക്കാൻ ഉദ്ദേശിക്കുന്നത്, അതിന്റെ പ്രകൃതത്തിന്റേയും പൂർണ്ണമായ വിവരം നല്കേണ്ടതാകുന്നു.

4. <u>വ്യാഖ്യാന ഖണ്ഡം</u>.— താഴെപ്പറയുന്ന വാക്കുകൾക്കും പദങ്ങൾക്കും യഥാക്രമം അവയ്ക്കു ഇതിനാൽ നല്കുന്ന അർത്ഥം, അങ്ങനെയുള്ള അർത്ഥങ്ങൾ സന്ദർഭത്താലോ വിഷയത്തിന്റെ പ്രകൃതത്താലോ ഒഴിച്ചുനിറുത്തപ്പെട്ടിട്ടില്ലാത്തിടത്തോളം, ഉണ്ടായിരിക്കണമെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു; അതായത് "ആൾ" എന്ന വാക്ക് ഏകാംഗീകൃതനികായങ്ങൾക്കു ബാധകമാകുന്നതും "മാതാപിതാക്കൾ" എന്ന വാക്കിൽ പിതാവും മാതാവും പിതാമഹനും (മാതാമഹനും) പിതാമഹിയും (മാതാമഹിയും) ഉൾപ്പെടുന്നതും, "കുട്ടി" എന്ന വാക്കിൽ പുത്രനും, പുത്രിയും പൗത്രനും (ദൗഹിത്രനും) പൗത്രിയും (ദൗഹിത്രിയും) ഭാര്യാപുത്രനും (ഭർത്തൃപുത്രനും) ഭാര്യാപുത്രിയും (ഭർത്തൃപുത്രിയും) ഉൾപ്പെടുന്നതും ആകുന്നു.